(ബി) അവയിൽ ഇപ്പോൾ പ്രവർത്തനം നിലച്ചിരിക്കുന്നവ എത്ര;

(സി) കേരളത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുകയും പിന്നീട് പ്രവർത്തനം നിലച്ചു പോവുകയും ചെയ്ത് കമ്പനികളിൽ എല്ലാം കൂടി മൊത്തം എത്ര തൊഴിലാളികൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ

8 (160) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-2005 കാലയളവിൽ എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ എത്ര യൂണിറ്റുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട് ;

(സി) തിരുവനന്തപുരം ജില്ലയിൽ അപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രവർത്തന സജ്ജമായിട്ടുള്ളതുമായ യൂണിറ്റുകൾ എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) കേരളത്തിൽ ആകെ എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തനരഹിതമായിട്ടുണ്ട്; തിരുവനന്തപുരം ജില്ലയിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രവർത്തനരഹിതമായി കിടക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കാൻ സംസ്ഥാന സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) 44718 ചെറുകിട വ്യവസായ യൂണിറ്റുകൾ.

(ബി) എല്ലാ യൂണിറ്റുകളും പ്രവർത്തനസജ്ജമാണ്.

(സി) 4625 യൂണിറ്റുകൾ.

(ഡി) 78000-ത്തോളം യൂണിറ്റുകൾ പ്രവർത്തനരഹിതമായിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഏകദേശം 10000-ത്തോളം യൂണിറ്റുകളും.

(ഇ) ചെറുകിട വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പ്രത്യേക ജില്ലാ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അതതിന്റെ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലാണ് പുനരുദ്ധാരണ നടപടി രൂപപ്പെടുത്തുന്നത്. പുനരുദ്ധാരണ പ്രോജക്ട് തയ്യാറാക്കുന്ന ചെലവിന്റെ 50 ശതമാനവും (പരമാവധി 10,000 രൂപ); സാങ്കേതിക ഉപദേശ ചെലവുകളുടെ 50 ശതമാനവും (പരമാവധി 15,000 രൂപ)

LIBRARY ARCHIVES Kerala Legislative Assembly

സബ്സിഡി നൽകുന്നു. കൂടാതെ നിലവിലുള്ള മാർജിൻ മണി വായ്പ കുടിശ്ശികയുടെ പലിശ/പിഴപ്പലിശ എന്നിവയ്ക്ക് ഇളവുകൾ നൽകുന്നുണ്ട്. പുനരുദ്ധാരണ പരിപാടിയിന്മേൽ ഡി.എൽ.ആർ.സി.-യുടെ തീരുമാനം ഉണ്ടാകുന്നതുവരെ റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കുന്നുണ്ട്. ലഘുവ്യവസായം, വനിതാ വികസന പദ്ധതിയിൽ വരുന്ന യൂണിറ്റുകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ ആരംഭിക്കുന്ന യൂണിറ്റുകൾ എന്നിവയ്ക്ക് മുൻഗണന നൽകുന്നുണ്ട്.

പുതുതായി രജിസ്റ്റർ ചെയ്ത കമ്പനികൾ

7 (161) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ കണക്ക് പ്രകാരം കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് പുതുതായി രജിസ്റ്റർ ചെയ്ത കമ്പനികളുടെ മൊത്തം എണ്ണം എത്രയാണ് ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ സംസ്ഥാനത്ത് പുതുതായി എത്ര കമ്പനികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയുണ്ടായി; രജിസ്റ്റർ ചെയ്ത കമ്പനികളിൽ ഇപ്പോഴും പ്രവർത്തനം ആരംഭിക്കാത്തവ എത്ര ;

(സി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എത്ര കമ്പനികൾ ലിക്വിഡേറ്റ് ചെയ്യുകയുണ്ടായി ?

ഉത്തരം

(എ-സി) രജിസ്ട്രാർ ഓഫ് കമ്പനീസിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

പുതിയ വ്യവസായ സംരംഭങ്ങൾ

8 (162) ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ വ്യവസായ സംരംഭങ്ങൾ സഹകാര്യ-പൊതുമേഖലകളിൽ ആരംഭിക്കുവാൻ കഴിഞ്ഞു എന്ന് വിശദമാക്കുമോ ;

(ബി) 'ജിം'-നെ തുടർന്ന് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള പുതിയ അന്തരീക്ഷത്തിൽ എന്തൊക്കെ പുതിയ സംരംഭങ്ങളാണ് ആരംഭിക്കുവാൻ പോകുന്നതെന്ന് വിശദമാക്കാമോ ;

(സി) ഗൾഫ് മലയാളികളുടെയും തദ്ദേശവ്യവസായികളുടെയും സഹകരണത്തോടെ കൂടുതൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly